പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 271 — 04.02.2013 ൽ മറുപടിക്ക്

## സ്ത്രീകൾക്ക് എതിരെയുള്ള പീഡനവും അതിക്രമങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്ക് എതിരെയുള്ള പീഡനവും അതിക്രമങ്ങളും അസാധാരണമാം വിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയ സാഹചര്യം ഇല്ലാതാക്കാനും ഫലപ്രദമായി നേരിടാനുള്ള മാർഗ്ഗവും കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യും സ്ത്രീകളും കുട്ടികളും സാധാരണയായി സഞ്ചരിക്കാറുള്ള സ്ഥലങ്ങളിലും, മറ്റ് പൊതുസ്ഥലങ്ങളിലും പോലീസ് പട്രോളിംഗും, വനിതാ പോലീസിന്റെ സാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നുണ്ട്. Anti Human Trafficking Unit (AHTU) കളുടെയും, ലോക്കൽ പോലീസിന്റെയും ജനമൈത്രി സംവിധാനത്തിന്റെയും സഹകരണത്തോടെ നിരന്തര റെയിഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക ചൂഷണം, തട്ടിക്കൊണ്ട് പോകൽ തുടങ്ങിയ അതിക്രമങ്ങൾ തടയുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ''നിർഭയ'' പദ്ധതി ഫലപ്രദമാക്കുന്നതിന് Anti Human Trafficking Unit(AHTU) ന്റെതുൾപ്പെടെയുള്ള നിയമസഹായ സഹകരണ |

ങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

21.12.2012 ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 328/12/ആഭ്യന്തരം പ്രകാരം സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെയുള്ള പെൺവാണിഭം, ബലാൽസംഗം മുതലായ കുറ്റകൃത്യങ്ങളിൽ കേസന്വേഷണവും അനന്തര നടപടികളും കൂടുതൽ ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ ഐ.പി.എസ്., ശ്രീമതി ഉമാ ബഹറ ഐ.പി.എസ്., ശ്രീമതി അജിതാ ബീഗം ഐ.പി.എസ്., ശ്രീമതി ചന്ദൻ ചൗധരി ഐ.പി.എസ്. എന്നീ വനിതാ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team – WIT) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിവരം അനുബന്ധം 1 ലും 2 യും ലുമായി ചേർത്തിരിക്കുന്നു.

(ഡി) സ്ത്രീകൾ പകൽപോലും സുരക്ഷിതരല്ലാതായ അവസ്ഥയിൽ മാതൃകാപരമായി എന്തെല്ലാം സുരക്ഷാ നടപടികളാണ് പോലിസ് സേനയിലൂടെ സജ്ജമാക്കിയിട്ടുള്ളത്?

(ഡി) സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി രാത്രി-പകൽ ഭേദമെന്യേ സ്ത്രീകൾ സാധാരണായായി വന്നുപോകുന്ന ജംഗ്ഷനുക

ളിലും ബസ് സ്റ്റാന്റുകളിലും റയിൽവേ സ്റ്റേഷനുകളിലും, ട്രെയിനുകളിലും പോലീസ് പട്രോളിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. നഗരത്തിലെ പ്രധാനപ്പെട്ട റോഡുകളിലും, ജംഗ്ഷനുകളിലും, ബസ് സ്റ്റാന്റുകളിലും റയിൽവേ സ്റ്റേഷനുകളിലും ആശുപത്രികളുടെ പരിസരത്തും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഷാഡോ പോലീസിന്റെ സേവനം ഉപയോഗപ്പെടുത്തിയും കുറ്റക്കാരെ കണ്ടെത്തുന്നതിനും സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പോലീസ് സേന മാതൃകാപരമായ സുരക്ഷാ നടപടികൾ സജ്ജമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Ans. C

9

അനുബന്ധം - I

| District | സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളുടെ എണ്ണം | | | | | | | Total |
|---|---|---|---|---|---|---|---|---|
| | Rape | Molestation | Eve - Teasing | 498 (A) | 304(B) | Kidnapping | Others | |
| TVM C | 64 | 399 | 49 | 272 | 3 | 25 | 65 | **877** |
| TVM R | 197 | 886 | 54 | 662 | 11 | 23 | 79 | **1912** |
| KLM C | 78 | 297 | 55 | 554 | 5 | 29 | 78 | **1096** |
| KLM R | 81 | 412 | 25 | 517 | 1 | 16 | 24 | **1076** |
| PTA | 53 | 236 | 13 | 275 | 2 | 27 | 41 | **647** |
| ALP | 77 | 414 | 32 | 473 | 3 | 34 | 36 | **1069** |
| KTM | 100 | 429 | 102 | 460 | 1 | 20 | 102 | **1214** |
| IDK | 93 | 310 | 18 | 358 | 1 | 14 | 7 | **801** |
| EKM C | 53 | 196 | 43 | 218 | 0 | 13 | 159 | **682** |
| EKM R | 108 | 274 | 58 | 378 | 0 | 10 | 296 | **1124** |
| TSR C | 55 | 177 | 38 | 235 | 0 | 12 | 342 | **859** |
| TSR R | 88 | 374 | 49 | 644 | 2 | 13 | 223 | **1393** |
| PKD | 126 | 271 | 26 | 706 | 5 | 17 | 52 | **1203** |
| MPM | 160 | 374 | 32 | 1110 | 2 | 9 | 355 | **2042** |
| KKD C | 50 | 183 | 132 | 242 | 0 | 9 | 229 | **845** |
| KKD R | 72 | 268 | 25 | 532 | 2 | 26 | 140 | **1065** |
| WYD | 89 | 125 | 17 | 176 | 3 | 10 | 380 | **800** |
| KNR | 114 | 305 | 26 | 647 | 0 | 29 | 474 | **1595** |
| KSD | 133 | 240 | 22 | 326 | 3 | 13 | 533 | **1270** |
| RLY | 0 | 57 | 19 | 0 | 0 | 1 | 36 | **113** |
| **Total** | **1791** | **6227** | **835** | **8785** | **44** | **350** | **3651** | **21683** |

സെക്ഷൻ ഓഫീസർ

Ans. C

II

അനുബന്ധം - II

| District | കുട്ടികൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളുടെ എണ്ണം | | | | | | | | | Total |
|---|---|---|---|---|---|---|---|---|---|---|
| | Total Murder | Rape | Kidnapping & Abduction | Foeticide | Abetment of Suicide | Exposure and abandonment | Procuration of Minor Girls | Prohibition of Child Marriage Act | Other Crime Against Children | |
| TVM C | 2 | 31 | 14 | 0 | 1 | 1 | 5 | 0 | 30 | **84** |
| TVM R | 3 | 91 | 21 | 0 | 0 | 0 | 0 | 0 | 41 | **156** |
| KLM C | 1 | 43 | 29 | 0 | 0 | 1 | 0 | 0 | 40 | **114** |
| KLM R | 10 | 47 | 14 | 0 | 2 | 0 | 0 | 0 | 53 | **126** |
| PTA | 2 | 29 | 19 | 0 | 0 | 0 | 0 | 0 | 29 | **79** |
| ALP | 1 | 35 | 14 | 0 | 0 | 1 | 0 | 0 | 94 | **145** |
| KTM | 2 | 44 | 18 | 0 | 0 | 0 | 0 | 0 | 49 | **113** |
| IDK | 3 | 49 | 6 | 0 | 0 | 0 | 0 | 2 | 32 | **92** |
| EKM C | 0 | 27 | 12 | 0 | 0 | 0 | 0 | 0 | 59 | **98** |
| EKM R | 2 | 58 | 4 | 0 | 0 | 0 | 2 | 0 | 160 | **226** |
| TSR C | 1 | 24 | 12 | 0 | 0 | 1 | 0 | 0 | 71 | **109** |
| TSR R | 1 | 35 | 19 | 0 | 0 | 0 | 1 | 0 | 58 | **114** |
| PKD | 5 | 54 | 8 | 0 | 0 | 3 | 0 | 2 | 43 | **115** |
| MPM | 3 | 44 | 5 | 1 | 0 | 0 | 0 | 5 | 122 | **180** |
| KKD C | 1 | 28 | 7 | 0 | 1 | 0 | 0 | 0 | 73 | **110** |
| KKD R | 3 | 22 | 16 | 0 | 1 | 0 | 0 | 0 | 42 | **84** |
| WYD | 2 | 17 | 11 | 0 | 1 | 0 | 0 | 0 | 51 | **82** |
| KNR | 9 | 36 | 18 | 0 | 0 | 0 | 0 | 0 | 66 | **129** |
| KSD | 3 | 44 | 12 | 0 | 0 | 0 | 0 | 0 | 129 | **188** |
| RLY | 1 | 0 | 2 | 0 | 0 | 0 | 0 | 0 | 16 | **19** |
| **Total** | **55** | **758** | **261** | **1** | **6** | **7** | **8** | **9** | **1258** | **2363** |

സെക്ഷൻ ഓഫീസർ